
● റിപ്പോർട്ട്/വിശകലനം

# ഡോ. എം.എസ്. സ്വാമിനാഥൻ കമ്മീഷൻ കുട്ടനാട് പാക്കേജ് : പ്രതീക്ഷയും ആശങ്കകളും

കേരളീയം വാർത്താശൃംഖല

വിവരങ്ങൾക്ക് കടപ്പാട് : എസ്. ഉഷ, ഡോ. ശ്രീകുമാർ



ഫോട്ടോ : സന്ദീപ് സപ്പസ

**ആലപ്പുഴ** ഇടുക്കി ജില്ലകൾക്കും കുട്ടനാട് ജല ആവാസ വ്യവസ്ഥയുമായി ബന്ധപ്പെട്ട മേഖലയുടെ പാരിസ്ഥിതികവും ജീവസംന്ധാരണവുമായ മെച്ചപ്പെടലിനും വേണ്ടി കൃഷിക്കായുള്ള പ്രത്യക പുനരധിവാസ പദ്ധതി അവതരിപ്പിക്കാൻ ഡോ. എം. എസ് സ്വാമിനാഥൻ റിസർച്ച് ഫൗണ്ടേഷനെ ഭാരത സർക്കാർ ചുമതലപ്പെടുത്തിയിരുന്നു. ഡോ. എം. എസ് സ്വാമിനാഥൻ നേതൃത്വം നൽകിയ കമ്മീഷൻ ഇക്കഴിഞ്ഞ സെപ്റ്റംബറിൽ ഭാരത സർക്കാറിന് സമർപ്പിച്ച റിപ്പോർട്ടിലെ പ്രസക്തഭാഗങ്ങളും അതിനോടുള്ള കേരളീയം കാഴ്ച്ചപ്പാടും വായിക്കുക.

ഡോ. എസ്. ബാലരവി നേതൃത്വം കൊടുത്ത പഠനത്തിന് ആർ ഹേലി, ഡോ. ബാബു അമ്പാട്ട്, ഡോ. കെ. ജി പത്മകുമാർ, ഡോ. ഇ. ജെ ജയിംസ്, ഡോ. പി. രത്തിനം, ഡോ. കെ.വി കൃഷ്ണദാസ് എന്നീ വിവധ മേഖലകളിലെ വിദഗ്ധരുടെ സേവനം ലഭ്യമാക്കിയിരുന്നു.

ആലപ്പുഴ, കോട്ടയം, പത്തനംതിട്ട ജില്ലകളടങ്ങിയ കുട്ടനാട് മേഖലയിലെ കർഷകർ, മുഖ്യമന്ത്രി, മന്ത്രിമാർ, എം.പിമാർ, എം.എൽ.എമാർ, പഞ്ചായത്ത് തല ജനപ്രതിനിധികൾ, കർഷകത്തൊഴിലാളികൾ,

കർഷക വനിത സന്നദ്ധ സംഘടനകൾ, മത്സ്യ കായൽ തെഴിലാളി സംഘടനകൾ, സർക്കാർ ഉദ്യോഗസ്ഥർ, പ്രാദേശിക സമൂഹം തുടങ്ങിയവരിൽ നിന്നും നിവേദനങ്ങൾ സ്വീകരിച്ചും ചർച്ചചെയ്തും അഭിപ്രായങ്ങൾ രൂപികരിച്ചും, തെളിവുകൾ ശേഖരിച്ചുമായിരുന്നു പഠനസംഘം പഠനം പൂർത്തീകരിച്ചത്.

പാരിസ്ഥിതിക ദുരന്തങ്ങളും സാമ്പത്തിക അനീതികളും കാർഷിക മേഖലയുടെ മാത്രമല്ല ഈ മേഖലയിലെ മുഴുവൻ സംവിധാനങ്ങളേയും ജീവിതത്തെയും തകർച്ചയിലാക്കിയിരിക്കുന്നു. കുട്ടനാട് പ്രത്യക കാർഷിക മേഖയായി കേന്ദ്രത്തിന്റെയും സംസ്ഥാനത്തിന്റയും പിന്തുണയോടുകൂടി പ്രഖ്യാപിക്കേണ്ടതുണ്ട്. ജലമലിനീകരണം, ശുദ്ധജല ശോഷണം, തോട്ടപ്പള്ളി സ്പിൽവേയുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ, കായൽ ശോഷണം, ഉപ്പുവെള്ളം കയറൽ, ജലപാതകളുടെ തടസങ്ങൾ, കളകളുടെ അമിത വളർച്ചയും രാസവള കീടനാശിനികളുടെ അപകടകര മായ സാന്നിധ്യവും ജൈവവൈവിധ്യത്തിന്റെ നാശവും കുടിവെള്ള ക്ഷാമവും ആരോഗ്യ പ്രശ്നങ്ങളും ഈ മേഖലയുടെ സവിശേഷ പ്രതിസന്ധി കളായിത്തുടരുന്നു. കാർഷിക ചിലവിന്റെ വർദ്ധനവും കൃഷിനാശവുമാണ് ഇതിന്റെ ഫലം. ആരോഗ്യപരമായ കൃഷി തിരികെ കൊണ്ടുവരാൻ പാടശേഖരങ്ങളുടെ ഇപ്പോഴുള്ള വലിപ്പം കുറച്ച് 150-250 ഹെക്ടറിലേക്ക് ചുരുക്കുക, ഉപ്പ് വെള്ളത്തിന്റെ കടന്നു കയറ്റം നിയന്ത്രിക്കുക, വെള്ളമൊഴുക്കി കളയുന്നതിന്റെയും ജലസേചന ത്തിന്റെയും തോടുകൾ മെച്ചപ്പെടുത്തുക, സമഗ്രമായ കൃഷി കലണ്ടറുണ്ടാക്കുക, വിത്തും അനുബന്ധ സംവിധാനങ്ങളുമൊരുക്കുക, മണ്ണിന്റെ ആരോഗ്യം വീണ്ടെടുക്കുക, തൊഴിൽ ബാങ്കും കൃഷി സേവന സംവിധാനങ്ങളും മെച്ചപ്പെടുത്തുക, കൂട്ടുകൃഷി പ്രോത്സാഹിപ്പിക്കുക, ഓണാട്ടുകരയിൽ നെൽകൃഷി വ്യാപിപ്പിക്കുക, മെച്ചപ്പെട്ട വിലയും വിപണിയും ഉറപ്പുവരുത്തുക, 'ഒരു നെല്ല്- ഒരു മീൻ' പദ്ധതി

സമഗ്രമാക്കി വരുമാനം വർദ്ധിപ്പിക്കുക, തെങ്ങുകൃഷി പുനരുജ്ജീവിപ്പിക്കുക, സംയോജിത കൃഷി സമഗ്രവും, മൂല്യവർദ്ധിതവുമാക്കുക,സാങ്കേതിക വിദ്യാപിന്തുണ ഉത്പാദന വർദ്ധനവിനായി ഉപയോഗിക്കുക, കാർഷിക യന്ത്ര ഗവേഷണ പരിശീലന കേന്ദ്രം സ്ഥാപിക്കുക, ഏകോപിത ഭരണത്തിനായി സർക്കാരിന്റെ നയപരമായ പിന്തുണ ഉറപ്പു വരുത്തുക, കുട്ടനാട് പ്രത്യക കാർഷിക മേഖലയാക്കി പ്രഖ്യാപിക്കുക, മത്സ്യമേഖലയുമായി ബന്ധിപ്പിച്ച് വേമ്പനാട് കായലും അനുബന്ധമേഖലകളും മത്സ്യകൃഷിയ്ക്ക് പ്രമുഖ്യം നല്കി ജീവനോപാധികൾ മെച്ചപ്പെടുത്തുക, മത്സ്യമേഖല പുനർജീവിപ്പിക്കുക, കാര്യക്ഷമത വർദ്ധനവിനായുള്ള പരിശീലനം (ഗവേഷണം, വിവരകൈമാറ്റം) നല്കുക, ബാക്ക് വാട്ടർ ടൂറിസം അനുബന്ധ പ്രശ്നങ്ങൾ പരിഹരിക്കൽ, ഉത്തരവാദപ്പെട്ട സുരക്ഷിതമായ പരിസ്ഥിതി സൗഹൃദമുള്ള പെരുമാറ്റച്ചട്ടം ടൂറിസം മേഖലയ്ക്ക് ഉണ്ടാക്കുക, കേന്ദ്ര സാമ്പത്തിക സഹായത്തോടെ വിവിധ ആവശ്യങ്ങൾക്കായി തുക (1840 കോടി രൂപ) നീക്കിവെയ്ക്കുക, പദ്ധതി നിർവ്വഹണത്തിനും മേൽനോട്ടത്തിനുംവേണ്ടി കുട്ടനാടിന്റെയും ആലപ്പുഴയുടെയും സമൃദ്ധിക്കായുള്ള കമ്മിറ്റി മുഖ്യമന്ത്രി ചെയർമാനായ സമിതിയും ചീഫ് സെക്രട്ടറി അദ്ധ്യക്ഷനായ ദൗത്യനിർവ്വഹണസമിതി രൂപീകരിക്കുക, പദ്ധതി നടപ്പിലാക്കലിലൂടെ ജൈവവൈവിദ്ധ്യത്തിന്റെയും പരിസ്ഥിതി പുനഃസ്ഥാപനത്തിന്റെയും സ്വർഗ്ഗ തുല്യമായ ഒരു പ്രദേശവും റാംസർ മേഖലയുടെ ജലസംരക്ഷണ പ്രദേശവുമായി കുട്ടനാടും വേമ്പനാട് കായലും ലോകത്തിന്റെ കാർഷിക ഹോട്ട് സ്പോട്ടും ദൈവത്തിന്റെ സ്വന്തം നാടുമായി മാറ്റാമെന്ന പ്രതീക്ഷ പഠനസമിതി മുന്നോട്ട് വെയ്ക്കുന്നു.

## പ്രശ്നങ്ങളും ആശങ്കകളും

1. പാരിസ്ഥിതിക പുനരുജീവനം മുഖ്യലക്ഷ്യമായി പറയുന്നുണ്ടെങ്കിലും നിർവ്വഹണ പരിപാടികളിൽ ഏറെ വൈരുദ്ധ്യങ്ങളും വിപരീത ദിശയിലേക്ക് നയിക്കാവുന്ന വിശദമായ ഒരു നയമില്ലായ്മയും കാണുന്നു.

2. ഇപ്പോഴുള്ള 2000 ഹെക്ടർ വരേയുള്ള വലിയ മേഖലകൾ 250 ഹെക്ടറിലേക്ക് ചുരുക്കി പാടശേഖരങ്ങൾ പുനഃക്രമീകരിക്കുമ്പോൾ സൗകര്യങ്ങൾ ഏറെയുണ്ടെങ്കിലും ഇതുസംബന്ധിച്ച ഹ്രസ്വകാല-ദീർഘകാല പാരിസ്ഥിതിക പ്രത്യാഘാതങ്ങൾ എന്തൊക്കെയാകുമെന്ന് പഠനങ്ങൾ നടന്നിട്ടില്ല. ഇതിനായി ധാരാളം ബണ്ടുകളും ഇടച്ചിറകളും നിർമ്മിക്കുമ്പോൾ ജല ഒഴുക്കിനെ എന്തൊക്കെ അപകടങ്ങളുണ്ടാകുമെന്ന് ആശങ്കയുണ്ട്. കൂടുതൽ തുക ചിലവഴിക്കുന്ന ബണ്ടുകളുടെ നിർമ്മാണത്തിനാവശ്യമായ മണ്ണിനായി കുറേയധികം കുന്നുകൾ മറ്റൊരിടത്ത് ഇടിക്കേണ്ടിവരും.

3. 500 ഓളം ട്രാക്ടറുകൾ കുട്ടനാടൻ മേഖലയ്ക്ക് കാർഷിക യന്ത്രവൽക്കരണത്തിനായി നിർദ്ദേശിക്കുന്നു. ഇന്ത്യയിൽ വിവിധ ഭാഗങ്ങളിൽ (പഞ്ചാബ്) ട്രാക്ടർ ഉണ്ടാക്കിയ ആത്മഹത്യകളെക്കുറിച്ച് പഠനകമ്മിറ്റിക്ക് അറിയില്ലെന്നോ?

4. പരിസ്ഥിതി സംരക്ഷിക്കണം, ജലം സംരക്ഷിക്കണം, ജൈവ കാർഷിക സമഗ്രത വേണം എന്നൊക്കെ വാതോരാതെ പറയുന്നുണ്ടെങ്കിലും ദീർഘകാല ഭൂവിനിയോഗ നയവും സംരക്ഷിക്കാനുള്ള നിയമ പരിരക്ഷയെന്നും ഈ പഠനത്തിൽ നിർദ്ദേശിക്കുന്നേയില്ല.

5. ഓരോ പ്രദേശത്തിനും പ്രത്യേകമായി യോജിച്ച, കർഷക നിയന്ത്രണമുള്ള, കൃഷിക്കും കർഷകർക്കും ആശ്വാസവും പുനരുജ്ജീവനവും നല്കുന്ന ഒരു സമീപനമായിരുന്നു വേണ്ടിയിരുന്നത്. പരിസ്ഥിതിക്ക് ഈ നേട്ടമുണ്ടാകുമോ എന്നത് സംശയമാണ്. പ്രാദേശിക വിത്തുകളോ വിളവിനെപ്പറ്റി പറയുമ്പോൾ ചിലവിനെക്കുറിച്ചോ പരിഗണിക്കുന്നേയില്ല. ഉപകരണങ്ങൾക്കും നിർമ്മാണ പ്രവർത്തനങ്ങൾക്കുമാണ് പണം കൂടുതൽ ചിലവഴിക്കുന്നത്.

6. യുവജനങ്ങളെ നെൽകൃഷിയിലേക്ക് ആകർഷിക്കാനും ഇപ്പോഴുള്ള കൃഷിക്കാർക്ക് കൃഷി ചെയ്യാനുള്ള ഉത്തേജനം നല്കുവാനും അവസരമോ പരിപാടിയോ ഇല്ല.

7. തോട്ടപ്പള്ളി സ്പിൽവേയുടെ ആഴം കുട്ടുമെന്ന് പറയുന്നു. ഈ പരിഹാരം മറ്റൊരു പ്രശ്നം ഉണ്ടാകുമോ എന്നറിയില്ല.

8. വലിയ സ്വപ്നങ്ങൾ പറയുന്നുണ്ടെങ്കിലും, അബദ്ധങ്ങളും അവ്യക്തതകളും ധാരാളം.

9. കായൽ കയ്യേറ്റം (തീരം 50 മീറ്റർ) അനുവദിക്കരുതെന്ന് പറയുന്നു. തീരവും, ബണ്ടും, കണ്ടൽ, തെങ്ങ് നടണമെന്നും മുപ്പത് വർഷത്തേക്ക് ലീസിന് കൊടുക്കാമെന്നും നിർദ്ദേശിക്കുന്നത് ആർക്ക് കിട്ടുമെന്നോ എന്താകുമെന്നോ ഉറപ്പില്ല.

10. കൃഷി ചെലവ് കുറയ്ക്കാനും കർഷകന്റെ നിയന്ത്രണം കൃഷിയുടെമേൽ ഉറപ്പുവരുത്താനും ഇനിയുമേറെ സഞ്ചരിക്കാനുണ്ട്. എറണാകുളം ജില്ലയിലെ ഒരു പൊക്കാളി കർഷകൻ പറഞ്ഞതുപോലെ കർഷകന്റെ പരിഹാരം കണ്ടെത്തൽ ഇതിൽ തീരെ പരിഗണിച്ചിട്ടില്ല. കൃഷി മെച്ചപ്പെടുത്തി മെച്ചപ്പെടുത്തി ഭൂമി നശിച്ചു, ഉല്പാദനത്തിന് വിലയില്ലാതായി. ഉല്പാദനം കുറഞ്ഞു. പ്രതിസന്ധികൾ പെരുകി. കടക്കെണിയിൽ കർഷകാത്മഹത്യയും നടന്നു. എന്നിട്ടും പ്രശ്നങ്ങൾ പരിഹരിക്കാൻ മുന്നോട്ടുവെച്ച പരിപാടികൾ ഒരു സാമൂഹിക പ്രശ്നമായി ആവർത്തിക്കാതിരിക്കാൻ ഇവിടെ വേണ്ടത്ര വകുപ്പില്ല. മൂലധന കേന്ദ്രീകൃത ഊന്നൽ തന്നെയാണ് ഇപ്പോഴും കൃഷി മേഖലയിൽ തുടരുന്നത്. എങ്കിലും എം.എസ്. സ്വാമിനാഥൻ പഠനറിപ്പോർട്ട് വലിയ പ്രതീക്ഷ നല്കുന്നുണ്ട്.

**കേരളീയം അടുത്ത ലക്കത്തിൽ പ്രതീക്ഷിക്കുക**
ടൂറിസവും സ്ത്രീകളും - സ്വരൂപ് റോയ് (ഇക്വേഷൻസ്), സാമൂഹ്യ നീതിക്കായുള്ള സാമൂഹ്യ പ്രവർത്തനം - ഫിലിപ്പ് (നർമ്മദ)